**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 96** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>മങ്കട മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** മങ്കട നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി നടപ്പിലാക്കുന്ന ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്നും അവ നടപ്പാക്കുന്ന ഏജൻസികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മങ്കട നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിന് ധനാനുമതി നൽകിയ പദ്ധതികളുടെ നിലവിലെ സ്ഥിതിയും, അവ നടപ്പാക്കുന്ന പദ്ധതി നിർവ്വഹണ ഏജൻസികൾ ഏതൊക്കെയാണെന്ന വിവരങ്ങളും അനുബന്ധമായി ചേർക്കുന്നു

**(ബി)** പ്രസ്തുത പ്രവൃത്തികളിൽ ഏതൊക്കെയാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പ്രസ്തുത പദ്ധതികളിൽ അനുബന്ധത്തിലെ ക്രമ നം. 1 മുതൽ 6 വരെയുള്ള പദ്ധതികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

**(സി)** ഇനിയും നടപ്പിലാക്കാനുള്ള പ്രവൃത്തികൾ സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് പദ്ധതി തിരിച്ച് വിശദമാക്കാമോ; ഏതെങ്കിലും പ്രവൃത്തി നടപ്പിലാക്കുന്നതിൽ തടസ്സങ്ങൾ നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** പൂർത്തീകരിച്ച 6 പദ്ധതികൾക്ക് പുറമെ 6 പദ്ധതികൾ നിവലിൽ പുരോഗമിച്ച് വരികയാണ്. പൊതുമരാമത്തു വകുപ്പിന് കീഴിൽ RBDCK മുഖേന നിർവ്വഹണം നടത്തുന്ന ഒരാട്ടുംപാലം വൈലോങ്ങര ബൈപാസ് പദ്ധതിയാണ് ഇനിയും നടപ്പിലാക്കാനുള്ളത്. പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള ഭൂമിയേറ്റെടുക്കൽ നടപടികളുടെ ഭാഗമായി ആകെയുള്ള 26 ഭൂവുടമകളിൽ 25 ഭൂവുടമകളുടെയും ഭൂമി നഷ്ടപരിഹാരത്തുക നൽകി ഏറ്റെടുത്ത് കഴിഞ്ഞു. ഒരു ഭൂവുടമ ബഹു. ഹൈക്കോടതിയിൽ WP (C) No. 43722/2025 നമ്പരായി റിട്ട് ഹർജി സമർപ്പിച്ചിട്ടുള്ളതും, ആയത് പരിഗണിച്ച് ടിയാളുടെ ഭൂമിയേറ്റെടുക്കുന്നത് സ്റ്റേ ചെയ്തു കൊണ്ട് ബഹു. ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. അവസാനമായി 24.09.2026-ന് കേസ് പരിഗണിച്ച ബഹു.

ഹൈക്കോടതി സ്റ്റേ 03.11.2026 വരെ ദീർഘിപ്പിച്ചിട്ടുള്ളതാണ്. കൂടാതെ നിർദ്ദിഷ്ട ബൈപാസ് കടന്നു പോകുന്ന നെൽവയൽ പ്രദേശത്തെ മണ്ണിന് ബിയറിംഗ് കപ്പാസിറ്റി കുറവാണെന്ന് കണ്ടതിനെത്തുടർന്ന് ഡിസൈനിൽ ആവശ്യമായ മാറ്റങ്ങൾ കെ.എച്ച്.ആർ.ഐ മുഖേന ചെയ്യാൻ തീരുമാനിക്കുകയും ഇതുമായി ബന്ധപ്പെട്ട് മണ്ണ് പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്.

**(ഡി)** പ്രസ്തുത മണ്ഡലത്തിലെ കിഫ്ബി പദ്ധതികളിൽ ഉൾപ്പെട്ട എല്ലാ പ്രവൃത്തികളും സമയബന്ധിതമായി തീർപ്പാക്കുന്നതിന് ആവശ്യമായ നിർദ്ദേശം നൽകുമോ?

**മറുപടി:** കിഫ്ബി ധനാനുമതി നൽകിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്തം ബന്ധപ്പെട്ട ഭരണവകുപ്പുകൾ ചുമതലപ്പെടുത്തിയ പദ്ധതി നിർവ്വഹണ ഏജൻസികളിൽ നിക്ഷിപ്തമാണ്. എന്നിരുന്നാലും പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനും അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പദ്ധതി നിർവഹണ ഏജൻസികൾക്ക് നൽകുന്നതിനും വിവിധ വകുപ്പുകൾ/ ഏജൻസികൾ തമ്മിലുള്ള ഏകീകരണം ഉറപ്പുവരുത്തുന്നതിനും കൃത്യമായ ഇടവേളകളിൽ കിഫ്ബിയുടെ നേതൃത്വത്തിൽ നിയോജക മണ്ഡലം തിരിച്ചും പദ്ധതികൾക്ക് പ്രത്യേകമായും അവലോകന യോഗങ്ങൾ നടത്താറുണ്ട്

**സെക്ഷൻ ഓഫീസർ**

| Annexure - KIIFB Projects in Mankada LAC | | | | | | | |
|---|---|---|---|---|---|---|---|
| **Sl No** | **Department** | **Project Code** | **Sub Project Name** | **Packages** | **Project Outlay (Rs. In Crore)** | **SPV** | **Work Status** |
| 1 | General Education | GED005-20 | PPE Mission- Upgradation of one school in each constituency - Malappuram District-Phase 2 | Makkarapparambu Govt. H.S.S | ₹ 5.00 | KITE | Work Completed |
| 2 | General Education | GED003-14 | Betterment of Infrastructure facilities in 446 schools- 1 Cr category-KILA-Malappuram - Cluster 14 | GHS Cheriyam Mankada | ₹ 0.98 | KILA | Work Completed |
| 3 | General Education | GED003-14 | Betterment of Infrastructure facilities in 446 schools- 1 Cr category-KILA-Malappuram - Cluster 14 | GUPS Mankada Pallipuram | ₹ 1.05 | KILA | Work Completed |
| 4 | General Education | GED003-14 | Betterment of Infrastructure facilities in 446 schools- 1 Cr category-KILA-Malappuram - Cluster 14 | GUPS Koottilangadi | ₹ 0.97 | KILA | Work Completed |
| 5 | General Education | GED003-27 | Betterment of Infrastructure facilities in 446 schools- 1 Cr category-KILA | Govt. UP School Pang | ₹ 0.92 | KILA | Work Completed |
| 6 | General Education | GED006-10 | Betterment of Infrastructure facilities in 166 schools- Malappuram Cluster 4 | GHSS Pang | ₹ 3.89 | KILA | Work Completed |
| 7 | Higher Education | HED007-47 | MALAPPURAM THRISSUR CLUSTER PHASE 4 | Govt Arts and Science College Mankada | ₹ 8.66 | KSITIL | Work in progress |
| 8 | Water Resources | WRD022-02 | Construction of RCB across Thoothapuzha at Kezhmurikkadavu, Moothikkayam in Moorkkanadu Panchayath, Malappuram District | | ₹ 67.64 | KIIDC | Work in progress |
| 9 | Health & Family Welfare | HFW006-01 | Construction of Isolation wards in Hospitals under DHS in 140 Assembly constituencies | CHC Mankada | ₹ 1.68 | KMSCL | Work in Progress |
| 10 | General Education | GED006-28 | Betterment of Infrastructure facilities in 166 schools- Malappuram Cluster | GHSS Kadungapuram | ₹ 3.89 | KILA | Work in Progress |
| 11 | General Education | GED006-23 | Betterment of Infrastructure facilities in 166 schools-Kannur, Malappuram, Palakkad, Kollam Cluster | GHSS MANKADA PALLIPPURAM | ₹ 3.89 | KILA | Work in progress |
| 12 | General Education | GED006-24 | Betterment of Infrastructure facilities in 166 schools-Kannur, Malappuram, Wayanad, Palakkad, Kollam | GHSS MANKADA | ₹ 3.53 | KILA | Work in Progress |
| 13 | PWD | PWD003-11 | Oradumpalam - Vylongara Bypass Road | | ₹ 16.09 | RBDCK | LA in progress |

Section Officer